കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

[www.ksad.kerala.gov.in](http://www.ksad.kerala.gov.in)

# അവിണിശ്ശേരി ഗ്രാമപഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട്
# 2015-16

ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ

**e-mail: dotsr.ksad@kerala.gov.in**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ(പി.2)1984/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
PIN 680 020

തീയതി:14.11.2016
Ph.No. 0487-2331249
ഇ- മെയിൽ – dotsr.ksad@kerala.gov.in

ഡെപ്യൂട്ടി ഡയറക്ടർ .

പ്രസിഡന്റ്(സെക്രട്ടറി മുഖേന)

അവണിശ്ശേരി ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം :അവിണിശ്ശേരി ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അവിണിശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലെ 2-1, 2-2 ഖണ്ഡികകളിലേക്കു ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :-

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ (ഉപരിപത്രം സഹിതം)

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ടി.എസ്.ആർ(പി.2)1984/16    തിയതി:14.11.2016

തൃശ്ശൂർ ജില്ലയിലെ അവിണിശ്ശേരി ഗ്രാമപഞ്ചായത്തിന്റെ **2015-16** സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് **215(4) , 1994** ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് **13, 1996**ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.**)**

തൃശ്ശൂർ ജില്ലയിലെ അവിണിശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2015-16. സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.03.2016 മുതൽ 31.03.2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ്

അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

<u>(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | കെ.യു ചേക്കുട്ടി,<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 02.11.2016 മുതൽ<br>09.11.2016 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശിവദാസ് എ.കെ, അസി. ഓഡിറ്റ് ഓഫീസർ<br>പ്രശാന്ത് ടി.ജി, അസി. ഓഡിറ്റ് ഓഫീസർ<br>സുനിൽകുമാർ കെ.സി, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീജ കെ.ടി, ഓഡിറ്റർ |

<u>(ബി)നിർവ്വഹണാധികാരികൾ</u>

| | | |
|---|---|---|
| പ്രസിഡന്റ് | വിൻസെന്റ് പള്ളിപ്പാടൻ | 01.04.2015 മുതൽ 31.10.2015വരെ |
| | സൂര്യ ഷോബി | 19.11.2015 മുതൽ 31.03.2016 വരെ |
| സെക്രട്ടറി | കെ.വി. വൽസലകുമാരി | 01.04.2015 മുതൽ 04.01.2016 വരെ |
| | സൂര്യകുമാരി. എസ്. (അസി.സെക്രട്ടറി) | 05.01.2016 മുതൽ 10.01.2016വരെ |
| | സുരേഷ് ടി.ഐ | 11.01.2016 മുതൽ 19.01.2016വരെ |
| | സൂര്യകുമാരി എസ്. (അസി.സെക്രട്ടറി) | 20.01.2016 മുതൽ 31.03.2016വരെ |
| <u>നിർവ്വഹണ ഉദ്യോഗസ്ഥർ</u> | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| കൃഷി ഓഫീസർ | ശ്രീ. ബിജു വി. ബാലൻ | 01.04.15 മുതൽ 31.03.16 വരെ |
| അസിസ്റ്റന്റ് എൻജിനിയർ | ശ്രീ.സന്തൂപ് എ.വി | 01.04.15 മുതൽ 31.03.16വരെ |
| മെഡിക്കൽ ഓഫീസർ (പി,എച്ച്.സി.) | ഡോ.സുബോധ് വി.എസ് | 01.04. 15മുതൽ 29.05. 16വരെ |
| | ഡോ. കെ.ആർ ബിജു | 30.05.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോപതി) | ഡോ. ഹെജി ജോർജ്ജ് | 01.04.15 മുതൽ 31.03. 16വരെ |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ (ആയുർവ്വദം) | ഡോ.ഗീത പി.കെ | 01.04. 15 മുതൽ 31.03. 16വരെ |
| ഐസിഡിഎസ് സൂപ്പർവൈസർ | ശ്രീമതി.റോസിലി | 01.04. 15മുതൽ 31.03. 16വരെ |
| ഹെഡ്മിസ്റ്റസ് | ശ്രീമതി.എം.എൻ.ബിന്ദു. | 01.04. 15 മുതൽ 31.03. 16വരെ |
| വെറ്ററിനറി സർജൻ | ഡോ. എം.കെ ഗിരിജ | 01.04.15 മുതൽ 31.03.16 വരെ |
| വി.ഇ.ഒ. (അവിണിശ്ശേരി) | ശ്രീമതി.സിന്ധു പി.ജി | 01.04.15 മുതൽ 31.03.16വരെ |
| വി.ഇ.ഒ. (പാലിശ്ശേരി) | ശ്രീമതി.ഷൈനി സി.പി | 01.04.15മുതൽ 31.03.16 വരെ |
| അസിസ്റ്റൻറ് സെക്രട്ടറി | ശ്രീ.ജോയ് പി.ഡി | 01.04.15മുതൽ 30.07.15വരെ |
| | ഒഴിവ് | 31.07.2016 മുതൽ 20.08.2015 വരെ |
| | ശ്രീമതി.സൂര്യകമാരി എസ് | 21.08.2015 മുതൽ 31.03.2016 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ടുവിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനതുവരുമാനം | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റു ഓഡിറ്റുകൾ നടത്തിയ വിവരം | 1-11 |
| 12 | മിനിറ്റ്സ് പുസ്തകം എഴുതി സൂക്ഷിക്കുന്നതിലെ അപാകതകൾ | 1-12 |
| | ഭാഗം **2** | |
| 13 | വാണിജ്യസ്ഥാപനങ്ങളിൽ നിന്നും പാർപ്പിട ആവശ്യത്തിനുള്ള വസ്തുനികുതി ഈടാക്കി | 2-1 |
| 14 | സാംഖ്യ, സഞ്ചയ സോഫ്റ്റ്‌വെയറുകളിലും | 2-2 |

| | | |
|---|---|---|
| | അസസ്മെന്റ് രജിസ്റ്ററുകളിലും ഒരേ കെട്ടിടത്തിന് വ്യത്യസ്ത ഉടമസ്ഥർ | |
| 15 | സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല . | 2-3 |
| 16 | വാടക- അപാകത | 2-4 |
| 17 | ഡി & ഒ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. | 2-5 |
| 18 | തൊഴിൽനികുതി അപാകതകൾ | 2-6 |
| ഭാഗം – 3 | | |
| 19 | വഴിവിളക്ക് പരിപാലന പദ്ധതി – അധികം നല്കിയ തുക തിരികെ ഈടാക്കേണ്ടതാണ് | 3-1 |
| 20 | കേരളോത്സവത്തിന് അനുമതിയുള്ളതിലും കൂടുതൽ തുക ചെലവഴിച്ചു | 3-2 |
| 21 | രേഖകൾ ഹാജരാക്കേണ്ടതാണ് | 3-3 |
| 22 | അങ്കണവാടികൾക്ക് കമ്പ്യൂട്ടർ വാങ്ങൽ പദ്ധതി – അപാകതകൾ | 3-4 |
| 23 | മരാമത്ത് പ്രവർത്തികളിൽ കുഴിച്ചെടുത്ത മണ്ണിന്റെ ഉപയോഗം വ്യക്തമാക്കിയിട്ടില്ല . | 3-5 |
| 24 | ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവും യഥാർത്ഥ ഡിമാന്റും തമ്മിലുള്ള താരതമ്യം . | 3-6 |
| 25 | ആശ്രയ പദ്ധതി വിലയിരുത്തൽ . പദ്ധതി കാര്യക്ഷമമല്ല . | 3-7 |
| 26 | തൊഴിലുറപ്പ് പദ്ധതി അവലോകനം . | 3-8 |
| 27 | നിർമ്മാണതൊഴിലാളി ക്ഷേമനിധി വിഹിതം അടവാക്കിയതിന്റെ രസീതി ലഭ്യമായിട്ടില്ല. . | 3-9 |
| 28 | മരാമത്ത് പ്രവർത്തികളിലെ അപാകതകൾ | 3-10 |
| ഭാഗം 4 | | |
| 29 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 30 | നിക്ഷേപ പ്രവൃത്തിയ്ക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 31 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയ വിവരം | 4-3 |
| 32 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 33 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 34 | ഓഡിറ്റ് റിക്കവറി | 4-6 |
| 35 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികളുടെ വിവരം | 4-7 |
| 36 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 37 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-9 |
| 38 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | |

# ഭാഗം -1

## പൊതു അവലോകനം

## പൊതു അവലോകനം

### 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 27.3.2015 തിയ്യതിയിലെ 01/2015 തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് 73169606 രൂപയും, പ്രതീക്ഷിത ചെലവ് 66005361 രൂപയുമാണ്.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.7.2015 | 29/07/15 |

### 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2015-16 | 07-11-16 & 08-11-16 | |

വിശേഷണങ്ങൾ

1) ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള എല്ലാ ആസ്തികളും ബാധ്യതകളും ബാലൻസ് ഷീറ്റിൽ ഉൾപ്പെട്ടിട്ടില്ല.

2) ബജറ്റ് ഫംഗ്ഷൻ - ഫംഗ്ഷനറി അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടില്ല.

3) ഗ്രാമപഞ്ചായത്തിന് പിരിഞ്ഞുകിട്ടാനുള്ള തുകക്ക് പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടില്ല.
4) സ്റ്റോക്ക് റിപ്പോർട്ടിൽ ഓപ്പണിംഗ് സ്റ്റോക്കിന്റെ മൂല്യം കണക്കാക്കിയിട്ടില്ല.

പരിഹാരം കാണേണ്ട മറ്റുവിഷയങ്ങൾ

1) ബാലൻസ് ഷീറ്റ് പ്രകാരം റീഫണ്ട് ഓഫ് അൺയൂട്ടിലൈസ്ഡ് ഗ്രാന്റ്സ് ഓഫ് പ്രയർ പീരീഡ് എന്ന ശീർഷകത്തിൽ (350300109) ആകെ 86249/- രൂപ ബാധ്യതയായി കാണിച്ചിട്ടുണ്ട്. ആയത് സർക്കാരിലേക്ക് തിരിച്ചടക്കുവാനുള്ള തുകയാണോയെന്ന് പരിശോധിച്ച് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

2) അവിണിശ്ശേരി സർവ്വീസ് സഹകരണ ബാങ്കിലെ 2211 നമ്പർ അക്കൗണ്ടിന്റെ (തനതുഫണ്ട്) റിക്കൺസിലിയേഷനിൽ 31000/- രൂപ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് വന്നിട്ടില്ല എന്ന് മുൻവർഷങ്ങളിലെന്ന പോലെ തൻവർഷത്തിലും രേഖപ്പെടുത്തിയിട്ടുണ്ട്. ആയത് സംബന്ധിച്ച് പരിശോധന നടത്തി ടി തുകയുടെ കണക്ക് ക്രമീകരിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

3) NREGA അക്കൗണ്ടിൽ ബാങ്ക് (പാസ്ബുക്ക്) പ്രകാരം 694 രൂപയും ബാങ്ക് ബുക്ക് പ്രകാരം 86775 രൂപയും ആണ് നീക്കിയിരിപ്പ്. 86081 രൂപയുടെ വ്യത്യാസം വ്രഷങ്ങളായി ക്രമീകരിക്കപ്പെടാതെ കിടക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് - 16707952

വരവ് - 31173037

ആകെ - 47880989

ചെലവ് - 40414691

നീക്കിയിരിപ്പ് - 7466298

## 1-5 ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രെഡിറ്റ് | നീക്കി ബാക്കി |
|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതുവിഭാഗം | 1109936 | 6391143 | 7501079 | 6821768 | 679311 | 0 |
| വികസന ഫണ്ട് എസ്.സി.പി. | 1420398 | 1714743 | 3135141 | 2345258 | 789883 | 0 |
| വികസന ഫണ്ട് ടി.എസ്.പി. | 0 | 2000 | 2000 | 2000 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 355804 | *5314949 (4593526+721423) | 5670753 | 5670753 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് നോൺറോഡ് | 1097257 | 1473185 | 2570442 | 2570442 (1849019+721423) | 0 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 1538889 | 5693063 | 7231952 | 4556395 | 2675557 | 0 |
| ലോകബാങ്ക് ധനസഹായം | 2925703 | 2348083 | 5273786 | 2348083 | 2925703 | 0 |

*സംരക്ഷണഗ്രാന്റ് നോൺ റോഡ് മുൻബാക്കിയിൽ നിന്നും 721423 + കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും 4593526 = 5314949

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ |
|---|---|---|---|---|---|---|

| (എണ്ണം) | | | | (എണ്ണം) | (എണ്ണം) | ശതമാനം |
|---|---|---|---|---|---|---|
| 140 | 25409639 | 117 | 25617549 | 7 | 16 | 72.35 |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

| ക്രമ നം. | പദ്ധതിയുടെ പേര് |
|---|---|
| 1 | ഗ്രാമസേവാ കേന്ദ്രം |
| 2 | പഞ്ചായത്ത് ഓഫീസ് വൈദ്യുതീകരണം 3 ഫേസ് ആക്കൽ |
| 3 | വായനശാല പുസ്തകം |
| 4 | ഫോട്ടോസ്റ്റാറ്റ് മെഷീൻ |

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 55.47% കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 4368447 | 4098420 | (-) 270027 | (-) 6.18% |
| നികുതിയേതര വരവുകൾ | 1645611 | 192300 | (-) 1453311 | (-) 88.31% |
| മറ്റിനം | 5644493 | 904534 | (-) 4739959 | (-) 83.97% |
| ആകെ | 11658551 | 5195254 | 6463297 | (-) 55.47% |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 183480 | 209 |
| കർഷകതൊഴിലാളി പെൻഷൻ | 2121300 | 2688 |
| വിധവാപെൻഷൻ | 6978160 | 6639 |
| വാർദ്ധക്യകാലപെൻഷൻ | 6952170 | 7910 |

| | | |
|---|---|---|
| വികലാംഗപെൻഷൻ | 1519770 | 1541 |
| അവിവാഹിത പെൻഷൻ | 1464480 | 1393 |
| വിധവകളുടെ പെൺമക്കളുടെ വിവാഹത്തിനുള്ള ധനസഹായം | 270000 | 9 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 5.11.2016-ാം തിയ്യതി 3.00 pmന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 24766/-രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

1)ഫ്രണ്ട് ഓഫീസ് ഡയറി, ഡ്യൂട്ടി രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നുണ്ട്.

2)ആസ്തി രജിസ്റ്ററിൽ പിന്നീടുള്ള മാറ്റങ്ങൾ കൂട്ടിച്ചേർത്ത് കാലികമാക്കിയിട്ടില്ല.

3)ഗ്രാമസഭകളുടെ മിനട്സ് പരിശോധിച്ചതിൽ ജനപങ്കാളിത്തം കുറവാണെങ്കിലും ക്വോറം തികയുന്നുണ്ട്.
4)ഓഫീസ് ഓർഡർ പ്രകാരം ജീവനക്കാർക്ക് ജോലി വിഭജിച്ച് നൽകിയിട്ടുണ്ട്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 24/10/16 | 9/16 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 30.10.2003-16.11.2003 | 1997-98മുതൽ 2002-02 വരെ | 19/02/14 |

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാണിജ്യസ്ഥാപനങ്ങളിൽ നിന്നും പാർപ്പിട ആവശ്യത്തിനുള്ള വസ്തുനികുതി ഈടാക്കി

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിൽ - ചട്ടം 17(1) പ്രകാരം ഒരു കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ടതിനു ശേഷം കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിലും ഉപയോഗക്രമത്തിലും (ചട്ടം-4) കെട്ടിട ഉടമ വരുത്തുന്നതോ അല്ലെങ്കിൽ സ്വയം സംഭവിക്കുന്നതോ ആയ ഏതൊരു മാറ്റവും മുപ്പതു ദിവസത്തിനകം രേഖാമൂലം കെട്ടിട ഉടമ സെക്രട്ടറിയെ അറിയിക്കേണ്ടതും അതോടൊപ്പം 11-ാം ചട്ടപ്രകാരമുള്ള വസ്തു നികുതി റിട്ടേൺ സമർപ്പിക്കേണ്ടതുമാണ്.

മേൽ ചട്ടപ്രകാരമുള്ള ബാദ്ധ്യത കെട്ടിട ഉടമ നിറവേറ്റാത്തതിനാൽ ചട്ടം 17(2) ൽ പറയുന്ന പിഴ സെക്രട്ടറിക്ക് ചുമത്താവുന്നതാണ്. ഉപയോഗക്രമത്തിൽ മാറ്റം വരുത്തിയ കാലം മുതൽ പുതിയ നിരക്കിലുള്ള വസ്തുനികുതി പിഴ സഹിതം ഈടാക്കേണ്ടതാണ്.

എന്നാൽ 2015-16 ൽ ഡി & ഒ ലൈസൻസ് പുതുക്കി നൽകിയിട്ടുള്ള ഏതാനും സ്ഥാപനങ്ങളുടെ വസ്തുനികുതി പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും ഈ സാമ്പത്തിക വർഷം വരെ പാർപ്പിടാവശ്യത്തിനുള്ള വസ്തുനികുതിയാണ് ഈടാക്കി വന്നിരിക്കുന്നത്.

ഈ പാർപ്പിടാവശ്യത്തിനുള്ള വസ്തുനികുതി തന്നെയാണ് സഞ്ചയ സോഫ്റ്റ് വെയറിൽ അപ്‌ലോഡ് ചെയ്തിട്ടുള്ളത്.

| വാർഡ് നം / കെട്ടിട നം. | ഉടമസ്ഥന്റെ പേര്,വിലാസം | കെട്ടിടത്തിന്റെ വിസ്തീർണ്ണം/ ഈടാക്കിയ കെട്ടിട നികുതി/ വർഷം | ലൈസൻസ് അനുവദിച്ചിട്ടുള്ള വ്യക്തിയുടെ/ സ്ഥാപനത്തിന്റെ പേര് |
|---|---|---|---|
| 8-403/A | ടി.എസ് രാമനെഴുത്തച്ഛൻ, രാധ, തെക്കേമേപ്പുള്ളി വീട് | 11ച.മീ 100/- 2016-17 | ടി.ആർ.അനോബ് തെക്കേമേപ്പുള്ളി വീട് എ.വി ഗോൾഡ് |
| 8-27A | റീന ചേറ്റുപുഴക്കാരൻ വീട് | 11ച.മീ 89/- 2015-16 | ജയകുമാർ കെ.ജെ ചേറ്റുപുഴക്കാരൻ വീട് എസ്റ്റാർ ജെ ഫുഡ്സ് |
| 12/97 | രാജൻ എടയ്ക്കാട്ടിൽ വീട് | 25ച.മീ 116/- 2015-16 | പി.എസ് രജനി w/oരാജൻ എടയ്ക്കാട്ടിൽ വീട് ഐ.ടി.എൻ ഗോൾഡ് വർക്ക്സ്(3hp) |
| 9-375 | അജിത്ത് പുളിങ്കള്ളി വീട് | 232ച.മീ 1037/- 2016-17 | അജിത്ത് പി.ജി പുളിങ്കള്ളി വീട് കൃഷ്ണ ഗോപുരം ജ്വല്ലേഴ്സ് |
| 6–194 | അജയകുമാർ മഠത്തിപറമ്പിൽ | 150ച.മീ 945/- 2015-16 | അജയകുമാർ മഠത്തിപറമ്പിൽ നെക്റ്റർ ബീ കീപ്പിംഗ് സെന്റർ(5hp) |
| 6-18 | വിശ്വനാഥൻ കൈലാത്തുവളപ്പിൽ | 70ച.മീ 358/- | പി.വി സജീവ് പുല്ലാനിക്കൽ വീട് |

| | | | | |
|---|---|---|---|---|
| | വീട് | | മാർവെൽ സോഡ(6hp) | |

ഡി&ഒ ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളുടെ വസ്തുനികുതി സഞ്ചയ, സാംഖ്യ സോഫ്റ്റ്‌വെയറുകളിൽ അപ്‌ലോഡ് ചെയ്തിരിക്കുന്നത് പുനർപരിശോധിച്ച് വസ്തുനികുതി ഈടാക്കുന്നതിന്റെ കൃത്യത ഉറപ്പുവരുത്തേണ്ടതാണ്.

## 2-2 സാംഖ്യ, സഞ്ചയ സോഫ്റ്റ്‌വെയറുകളിലും അസസ്മെന്റ് രജിസ്റ്ററുകളിലും ഒരേ കെട്ടിടത്തിന് വ്യത്യസ്ഥ ഉടമസ്ഥർ

അസസ്മെന്റ് രജിസ്റ്ററിലും സഞ്ചയ സോഫ്റ്റ്‌വെയറിലും Ix-341 (old II-271) എന്ന കെട്ടിടത്തിന്റെ പേര് ചക്കാലക്കൽ ജോയ്, S/o മാത്യു എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കിയിരിക്കുന്നത് ശ്രീ. പ്രമോദ് ടി.എസ്, ഉമ്പയിൽ ഹൗസ് എന്നിവരുടെ പേരിലാണ്. [Ix-341 (old II-271) എന്ന കെട്ടിടത്തിന്റെ കൂട്ടിച്ചേർക്കലായ Ix-341 A ശ്രീ.പ്രമോദ് ടി.എസ്, ഉമ്പയിൽ ഹൗസ് എന്നിവരുടെ പേരിലാണ് അസസ്മെന്റ് രജിസ്റ്ററിലും സഞ്ചയ സോഫ്റ്റ്‌വെയറിലും രേഖപ്പെടുത്തിയിരിക്കുന്നത്. ഈ കെട്ടിടത്തിന് വസ്തുനികുതി കുറവായി ഈടാക്കിയത് ഓഡിറ്റ് എൻക്വയറിയെ തുടർന്ന് (എൻക്വയറി നം.8) 05.11.2016 ന് അടവാക്കിയിട്ടുണ്ട് (2520/- രൂപ).]

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിൽ – ചട്ടം 23(എ) (i) (ii) പ്രകാരമുള്ള ഉടമസ്ഥാവകാശമാറ്റം സംബന്ധിച്ച് വസ്തുനികുതി നിർണ്ണയ രജിസ്റ്ററിൽ മാറ്റം വരുത്തുന്നതിനുള്ള അപേക്ഷയും അതിന്മേൽ സെക്രട്ടറി സ്വീകരിക്കേണ്ട നടപടിക്രമങ്ങളും പാലിക്കാത്തതാണ് ഈ അപാകതയ്ക്കുകാരണം. കെട്ടിടത്തിന്റെ യഥാർത്ഥ ഉടമസ്ഥന്റെ വിവരങ്ങൾ അസസ്മെന്റ് രജിസ്റ്ററിലും, സഞ്ചയ സോഫ്റ്റ്‌വെയറിലും രേഖപ്പെടുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-3 സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല

2015-16 ൽ ഡി & ഒ ലൈസൻസ് എടുത്ത താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും ചട്ടപ്രകാരമുള്ള സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല. (1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി ചട്ടങ്ങൾ, ചട്ടം 6).

| ഉടമസ്ഥന്റെ പേര്, സ്ഥാപനം | ദിവസേന വിറ്റുവരവ് | അർദ്ധവാർഷിക വിറ്റുവരവ് | അർദ്ധവാർഷിക വരുമാനം (ചട്ടം 6 പ്രകാരം) | ഈടാക്കേണ്ട വാർഷിക നികുതി | ഈടാക്കിയത് | കുറവ് |
|---|---|---|---|---|---|---|
| മേവീസ് ഡേവിസ്, സാധന എഞ്ചിനീയറിംഗ് ഇൻഡസ്ട്രീസ് | 20000 | 20000x180= 3600000 | 3600000x3%= 108000 | 1000x2=2000 | - | 2000 |
| മേവീസ് ഡേവിസ്, മലബാർ ബ്രിക്സ് | 10000 | 10000x180= 1800000 | 1800000x3%= 54000 | 450x2=900 | - | 900 |
| സിജി ബേസിൻ, പെർഫെക്ട് ട്രേഡ് ലിങ്ക്സ് | 30000 | 30000x180= 5400000 | 5400000x3%= 162000 | 1250x2=2500 | 900 രശീതി നം. 11505104654 തിയതി 18.3.16 | 1600 |
| ബീനാ പോൾസൺ, പി.ജി ക്രിയേഷൻസ് | 20000 | 20000x180= 3600000 | 3600000x3%= 108000 | 1000x2=2000 | 1500 രശീതി നം. 11505104096 തിയതി 27.02.16 | 500 |
| ആകെ | | | | | | 5000 |

സ്ഥാപനതൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-4 പിഴ പലിശ സഹിതം വാടക ഈടാക്കുന്നതിലെ അപാകത

പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിന്റെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ റൂമുകൾക്ക് വാടക നിരക്കിൽ കൂടിയ വ്യതിയാനം കാണുന്നുണ്ട്. ഏതാനും ഉദാഹരണങ്ങൾ താഴെ നൽകുന്നു.

| കൂടിയ നിരക്ക് | | കുറഞ്ഞ നിരക്ക് | |
|---|---|---|---|
| റൂം നമ്പർ | ഈടാക്കുന്ന വാടക | റൂം നമ്പർ | ഈടാക്കുന്ന വാടക |
| 9/360B | 8845 | 9/367 | 437 |
| 9/360J | 6983 | 9/363 | 510 |

വാടക നിരക്കിൽ വ്യതിയാനം വന്നതിന് കാരണം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-5 ഡി & ഒ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ 2015-16 ലെ ആക്ഷൻ പ്ലാനിനോടൊപ്പം സമർപ്പിച്ചിട്ടുള്ള വിവര ശേഖരണ പ്രകാരം പഞ്ചായത്തിന്റെ പരിധിയിൽ 535 വ്യവസായ സ്ഥാപനങ്ങൾ നിലവിലുണ്ട്. എന്നാൽ 406 സ്ഥാപനങ്ങളേ ഡി & ഒ ലൈസൻസ് എടുത്തിട്ടുള്ളൂ. ലൈസൻസ് ഇല്ലാതെ 129 സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തിന്റെ പരിധിയിലുള്ള എല്ലാ സ്ഥാപനങ്ങളും 1996- ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരമുള്ള ലൈസൻസ് എടുക്കേണ്ടതാണ്.

## 2-6 തൊഴിൽ നികുതി - അപാകതകൾ

മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ 2015-16 ലെ ആക്ഷൻ പ്ലാനിനോടൊപ്പം സമർപ്പിച്ചിട്ടുള്ള വിവര ശേഖരണ ത്തിൽ ഈ പഞ്ചായത്തിന്റെ പരിധിയിൽ 535 വ്യവസായ സ്ഥാപനങ്ങൾ നിലവിലുണ്ട് എന്നു പറയുന്നുണ്ട്. ഇതിൽ 332 സ്ഥാപനങ്ങളിൽ നിന്നുമാത്രമേ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടുള്ളൂ. പഞ്ചായത്തിന്റെ പരിധിയിലുള്ള എല്ലാ ബിസിനസ്സ് സ്ഥാപനങ്ങൾക്കും 1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട് - വകുപ്പ് 205(ബി) മുതൽ 205(എഫ് ) വരെ, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി ചട്ടങ്ങൾ - ചട്ടം 10,13 എന്നിവ പ്രകാരം നോട്ടീസ് നൽകി റിട്ടേൺ നൽകിയവരിൽ നിന്നും തൊഴിൻ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വഴി വിളക്ക് പരിപാലനപദ്ധതി -അധികം നല്കിയ തുക തിരികെ ഈടാക്കേണ്ടതാണ്.

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി
അടങ്കൽ : 2,50,000/-

ഫണ്ട് : തനത് ഫണ്ട്

ചെലവുതുക : 170390/-
വൗച്ചർ നം. 864/8.2.16 തുക 97550, 865/8.2.16 തുക 72840 ട്രഷറി ചെക്ക് നം. 139129/8.2.16 തുക 170390/-

എ) തെരുവ് വിളക്ക് പരിപാലനം (എ.എം.സി) 2015-16 എന്ന പദ്ധതിയിൽ (S 0011/16) ശ്രീ.നാരായണൻ മരുത്തേഴത്ത് എന്ന വ്യക്തിക്കാണ് പ്രവൃത്തിയുടെ കരാർ നൽകിയിട്ടുള്ളത്. 2014-15 വർഷത്തിലും ടിയാന് തന്നെയായിരുന്നു കരാർ നൽകിയിരുന്നത്. തെരുവ് വിളക്ക് പരിപാലനം (എ.എം.സി) എന്ന പദ്ധതിയിൽ 2014-15 വർഷം ചമച്ച കരാറിന് 28.10.15 വരെ പ്രാബല്യമുണ്ടായിരുന്നു. എന്നാൽ, 01.09.2015 മുതൽ 08.10.2015 വരെയുള്ള കാലയളവിൽ നടത്തിയ പ്രവൃത്തികൾക്ക് 2014-15 വർഷത്തെ കരാർ പ്രകാരമുള്ള നിരക്ക് നൽകുന്നതിന് പകരം 2015-16 വർഷത്തേക്ക് ബാധകമായ നിരക്കാണ് കരാറുകാരന് നൽകിക്കാണുന്നത്. 2014-15, 2015-16 വർഷത്തെ നിരക്കുകൾ താഴെകൊടുക്കുന്നു.

| ക്രമ | 2014-15 | | 2015-16 | |
|---|---|---|---|---|
| നം | ഇനം | തുക | ഇനം | തുക |
| 1 | ട്യൂബ് ലൈറ്റ് | 180 | ട്യൂബ് ലൈറ്റ് | 190 |

| | | | | |
|---|---|---|---|---|
| 2 | സി.എഫ്.എൽ | 30 | സി.എഫ്.എൽ | 35 |
| 3 | ഹോൾഡർ | 40 | ഹോൾഡർ | 45 |
| 4 | സി.എഫ്.എൽ വിത്ത് ഹോൾഡർ | 70 | സി.എഫ്.എൽ വിത്ത് ഹോൾഡർ | 80 |

മേൽസൂചിപ്പിച്ച കാലയളവിൽ കരാറുകാരൻ നൽകിയ കണക്ക് പ്രകാരം ആകെ 401 ട്യൂബ് ലൈറ്റുകളും 267 സി.എഫ്.എല്ലുകളുമാണ് (വിത്ത് ഹോൾഡർ) റിപ്പയർ ചെയ്തിട്ടുള്ളത്. ഇതു പ്രകാരം ആകെ നൽകേണ്ടത് 90870/- (401 x 180 + 267 x 70) രൂപയാണ്. എന്നാൽ നൽകിയത് 97550/- (401 x 190 + 267 x 80) രൂപയാണ്. 6680/- രൂപ കരാറുകാരന് അധികം നൽകിയിട്ടുണ്ട്.

ബി) 10.12.2015 മുതൽ 12.01.2016 വരെയുള്ള കാലയളവിൽ കരാറുകാരന്റെ കണക്കുപ്രകാരം 300 ട്യൂബ് ലൈറ്റുകളും 198 സി.എഫ്.എല്ലുകളുമാണ് റിപ്പയർ ചെയ്തിട്ടുള്ളത്. എന്നാൽ കെ.എസ്.ഇ.ബി ഒല്ലൂർ, കുർക്കഞ്ചേരി, ചേർപ്പ് കാര്യാലയങ്ങളിൽ നിന്ന് ഹാജരാക്കിയ രേഖകൾ പ്രകാരം 281 ട്യൂബ് ലൈറ്റുകളും 204 സി.എഫ്.എല്ലുകളുമാണ് റിപ്പയർ ചെയ്തിട്ടുള്ളത്. കെ.എസ്.ഇ.ബി യുടെ സ്റ്റേറ്റ്മെന്റ് പ്രകാരം നൽകാവുന്ന തുക 69710/- ( 281 x 190 + 204 x 80) രൂപയാണ്. എന്നാൽ നൽകിയത് 72840/- രൂപയാണ്. 3130/- രൂപ കരാറുകാരന് അധികം നൽകിയിട്ടുണ്ട്. (ഓഡിറ്റ് എൻക്വയറി നമ്പർ : 01/03.11.2016)

അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.

സി) 2014-15 വർഷത്തെ കരാറിന് 28.10.15 വരെ പ്രാബല്യമുണ്ടായിരുന്നു. ആയതിനാൽ 2015-16 വർഷത്തെ എ.എം.സി കരാർ 29.10.2015 മുതൽ 28.10.2016 വരെയുള്ള കാലയളവിലേക്കായിരുന്നു ചമക്കേണ്ടത്. എന്നാൽ 2015-16 വർഷത്തെ കരാറിന് 29.08.2016 വരെ മാത്രമേ കാലാവധി നൽകിയിട്ടുള്ളൂ. ഇക്കാര്യം സംബന്ധിച്ച് നൽകിയ എൻക്വയറി നമ്പർ 01/ 03.11.2016 നുള്ള മറുപടിയിൽ രണ്ടു മാസത്തേക്കുകൂടി കാലാവധി നീട്ടിക്കൊണ്ട് കരാറുകാരനുമായി സപ്ലിമെന്ററി കരാർ ചമക്കാമെന്ന് പറഞ്ഞിട്ടുണ്ട്. ആയതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-2 കേരളോത്സവത്തിന് അനുമതിയുള്ളതിലും കൂടുതൽ തുക ചെലവഴിച്ചു

2015ലെ കേരളോത്സവത്തിന്റെ സംഘാടനത്തിനായി സ.ഉ.നം.1907/2015/തസ്വഭവ തി. 24.06.2015 പ്രകാരം ഗ്രാമപഞ്ചായത്തുകൾക്ക് പ്ലാൻ ഫണ്ടിൽ നിന്നോ തനത് ഫണ്ടിൽ നിന്നോ പരമാവധി 50,000/- രൂപ ചെലവഴിക്കുന്നതിന് അനുമതിയുണ്ട്. 2015-16 വർഷത്തെ പദ്ധതിയിൽ കേരളോത്സവത്തിനുവേണ്ടി (S0005/16) വികസനഫണ്ട് 50,000/- രൂപ വകയിരുത്തുകയും 49,066/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട് (ട്രഷറി ബിൽ നമ്പർ : 21/15-16 തി. 22.12.15, ഡിഡി നമ്പർ : 833598 തി. 29.12.2015 ) ഇതിനുപുറമെ, 10000/- രൂപ തനതുഫണ്ടിൽ നിന്നും കേരളോത്സവം കൺവീനറായ ശ്രീ.എ.ആർ.രാജുവിന് നൽകിയിട്ടുണ്ട് (വൗച്ചർ നമ്പർ:413/22.09.2015). ആയതിനുള്ള ചെലവുരേഖകൾ ഹാജരാക്കിയിട്ടില്ല. കേരള യുവജന ക്ഷേമബോർഡിൽ നിന്നും തൻവർഷം ഗ്രാന്റ് ലഭിക്കാതിരുന്നതുകൊണ്ടാണ് അധികം തുക തനത്ഫണ്ടിൽ നിന്നും ചെലവഴിച്ചതെന്ന് ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടുണ്ട്. സർക്കാർ അനുമതിയില്ലാത്തതിനാലും ചെലവുരേഖകളില്ലാത്തതിനാലും 10,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.(ഓഡിറ്റ് എൻക്വയറി : 02/ 03.11.2016)

## 3-3 രേഖകൾ ഹാജരാക്കേണ്ടതാണ്

നിർവ്വഹണ ഉദ്യോഗസ്ഥൻ: സെക്രട്ടറി

എ) 2015-16 വർഷത്തെ എസ്.എസ്.എ വിഹിതം നൽകൽ ( S0002/16) എന്ന പദ്ധതിയിൽ വികസനഫണ്ട് (പൊതു) 1,39,891/- രൂപയും ധനകാര്യകമ്മീഷൻ ഗ്രാന്റ് 2,53,215/- രൂപയുമടക്കം ആകെ 3,93,106/- രൂപ എസ്.എസ്.എ ക്ക് നൽകിയിട്ടുണ്ട്. ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

ട്രഷറി ബിൽ നം. 36/15-16 തിയതി 25.2.16 തുക 139891 ഡി.ഡി. നം. 833874/1.3.16

,, ബിൽ നം. 52/15-16 തിയതി 28.3.16 തുക 253215 ഡി.ഡി. നം. 834048/29.3.16

ബി) വനിതാ വ്യവസായകേന്ദ്രത്തിലേക്ക് കറന്റ് കണക്ഷൻ (S0144/16) എന്ന പദ്ധതിയിൽ കെ.എസ്.ഇ.ബി ഒല്ലൂർ ഇലക്ട്രിക്കൽ സെക്ഷനിൽ അടവാക്കുന്നതിനായി ട്രഷറി ബിൽ നമ്പർ 35/15-16 തി. 23.02.16 പ്രകാരം 26,948/- രൂപ പിൻവലിച്ചിട്ടുണ്ട്. ആയത് കെ.എസ്.ഇ.ബി യിൽ അടവാക്കിയതിന് കൈപ്പറ്റുരേഖ ഹാജരാക്കിയിട്ടില്ല.

ട്രഷറി ബിൽ നം. 35/15-16 തിയതി 23.2.16 തുക 26948/- (ഡി.ഡി. വിശദാംശങ്ങൾ ലഭ്യമായില്ല).

സി) തുല്യതാപരീക്ഷ എന്ന പദ്ധതിയിൽ (S0008/16) 5 വിദ്യാർത്ഥികൾക്കായി 1600/- രൂപ വീതം ആകെ 8,000/- രൂപ സംസ്ഥാന സാക്ഷരത മിഷൻ ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. ആയതിന്റെ കൈപ്പറ്റുരസീതിയും വിദ്യാർത്ഥികൾ പരീക്ഷയിൽ പങ്കെടുത്തതിന്റെ രേഖകളും ഹാജരാക്കിയിട്ടില്ല.

ട്രഷറി ബിൽ നം. 47/15-16 തിയതി 28.3.16 തുക 8000/- ഡി.ഡി. നം. 834047/29.3.16

മേൽകാരണങ്ങളാൽ, 428054/- രൂപയുടെ ചെലവ് (393106+ 26948+8000) തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് എൻക്വയറി നമ്പർ : (03/ 03.11.2016)

## 3-4 അങ്കണവാടികൾക്ക് കമ്പ്യൂട്ടർ വാങ്ങൽ പദ്ധതി -അപാകതകൾ

അടങ്കൽ : 249998/-

ഫണ്ട് : വികസനഫണ്ട് (പൊതുവിഭാഗം)

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ അങ്കണവാടികൾക്ക് കമ്പ്യൂട്ടർ വാങ്ങൽ എന്ന പദ്ധതിയിൽ (S0036/16) ഗ്രാമപഞ്ചായത്ത് പ്രദേശത്തെ ആറ് അങ്കണവാടികൾക്ക് കെൽട്രോണിൽ നിന്നും ഏസർ ബ്രാൻഡ് കമ്പ്യൂട്ടറുകൾ വാങ്ങി നൽകിയിട്ടുണ്ട് (ട്രഷറി ബിൽ നമ്പർ : 7/15-16 dt. 23.03.16, ഡിഡി നമ്പർ : 834083 dt. 31.03.16, ചെലവുതുക – 2,37,000/-). പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ ആസൂത്രണ സബ്സിഡി മാർഗ്ഗരേഖയിൽ (ജി.ഒ.(എം.എസ്) നം. 362/2013/തസ്വഭവ തി. 16.11.2013) അങ്കണവാടികൾക്ക് സ്ഥലം, കെട്ടിടം, കുടിവെള്ളം, ഫർണ്ണിച്ചർ എന്നിങ്ങനെയുള്ള ഭൗതിക സൗകര്യങ്ങൾ ഒരുക്കുന്നതിനാണ് പ്രാധാന്യം നൽകേണ്ടത്. വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾ ഇപ്പോഴും ഗ്രാമപഞ്ചായത്തിലുള്ളതിനാൽ ആ ലക്ഷ്യം കൈവരിക്കുന്നതിന് മുൻപ് അങ്കണവാടികൾക്ക് കമ്പ്യൂട്ടറുകൾ വാങ്ങിനൽകുന്ന പദ്ധതി നടപ്പിലാക്കിയതിൽ ഔചിത്യക്കുറവുണ്ട്. മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടില്ലാത്ത വിഷയമായതിനാൽ ടി പദ്ധതി നടപ്പാക്കുന്നതിന് മുൻപ് സർക്കാരിൽ നിന്നും മുൻകൂർ അനുമതി തേടേണ്ടതായിരുന്നു. കമ്പ്യൂട്ടറുകൾ യു.പി.എസ് ഇല്ലാതെ വാങ്ങിയതിനാൽ ഇതുവരെയും ഉപയോഗപ്പെടുത്താനും കഴിഞ്ഞിട്ടില്ല. പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിലും നടപ്പിലാക്കുന്നതിലും മാർഗ്ഗരേഖാ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

## 3-5 മരാമത്ത് പ്രവർത്തികളിൽ കുഴിച്ചെടുത്ത മണ്ണിന്റെ ഉപയോഗം വ്യക്തമാക്കിയിട്ടില്ല

പഞ്ചായത്തിലെ വെള്ളച്ചാൽ നിർമ്മിക്കുന്ന മൂന്ന് പ്രവർത്തികളിൽ (DSR2014) ഐറ്റം 2.8.1 പ്രകാരം മണ്ണ് കുഴിച്ചെടുക്കൽ ഒരു ഇനമായി ചേർത്തിട്ടുണ്ട്. എന്നാൽ കുഴിച്ചെടുത്ത മണ്ണിന്റെ ഡിസ്പോസൽ അതാത് എം ബുക്കുകൾ ഒന്നു മുതൽ ഇരുപത്തിയഞ്ചു വരെ പേജുകളിൽ നിലവിൽ ചേർത്തിട്ടില്ല. ഫയലിനൊപ്പം ചേർത്ത കംപാരിറ്റീവ് സ്റ്റേറ്റ്മെന്റിനൊപ്പവും ഇത് സംബന്ധിച്ച് പരാമർശങ്ങളില്ല. മേൽപ്രകാരം മണ്ണിന്റെ ഡിസ്പോസൽ ചേർക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് അസി.എഞ്ചിനീയർ ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കുകയില്ല എന്ന് മറുപടി നൽകിയിട്ടുണ്ട്. ആയതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1.പാലിയം പാടം റോഡ് ചാൽ നിർമ്മാണം.

അടങ്കൽ തുക. 342000.

എം ബുക്ക് നമ്പർ.16/15-16

ഫൈനൽ ബിൽ തിയ്യതി. 07-12-2015

എഗ്രിമെന്റ് നമ്പർ. 3/15-16/AE/LSGD/AVY dt.10.08.15

ഈ പ്രവർത്തിയുടെ ആദ്യ ഇനം വെള്ളച്ചാലിന് വേണ്ടി മണ്ണ് കുഴിച്ചെടുക്കുന്നതാണ്. ആയു പ്രകാരം 66.92 m3 മണ്ണ് കുഴിച്ചെടുത്തതിൻബിൽ അനുസരിച്ച് 14427.90 രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്.

2.പണിക്കർ റോഡ് ചാൽ നിർമ്മാണം.

അടങ്കൽ തുക. 230173

എഗ്രിമെന്റ് നമ്പർ. 26/15-16/AE/LSGD/AVY.Dt.25.08.15

ഫൈനൽ ബിൽ തിയ്യതി. 07-12-2015

എം.ബുക്ക് നമ്പർ. 15/15-16

ഈ പ്രവർത്തിയിൽ ഐറ്റം നമ്പർ ഒന്ന് ആയി 45.08m3 മണ്ണ് കുഴിച്ചെടുത്ത് ആയതിന് ബിൽ പ്രകാരം 9331 രൂപ നൽകി.

3.കല്ലുക്കാരൻ റോഡ് ചാൽ നിർമ്മാണം.

അടങ്കൽ തുക. 221000/

എഗ്രിമെന്റ് നമ്പർ. 27/15-16/AE/LSGD/AVY Dt. 25/08/15

ഫൈനൽ ബിൽ തിയ്യതി. 07-12-2015

എം ബുക്ക് നമ്പർ. 14/15-16

ഈ പ്രവർത്തിയിൽ ഐറ്റം നമ്പർ ഒന്ന് ആയി 51.98m3 മണ്ണ് കുഴിച്ചെടുത്ത് ആയതിലേക്ക് 10759 രൂപ ഫൈനൽ ബിൽ പ്രകാരം നൽകി.

## 3-6 ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവും യഥാർത്ഥ ഡിമാന്റും തമ്മിലുള്ള താരതമ്യം

| ഇനം | ബജറ്റ് നിർദ്ദേശം | യഥാർത്ഥ ഡിമാന്റ് | വ്യത്യാസം |
|---|---|---|---|
| കെട്ടിടനികുതി | 3500000 | 3370913 | +3.68 |
| തൊഴിൽ നികുതി | 700000 | 948960 | +35.56 |
| വാടക | 710000 | 667884 | -5.93 |
| പരസ്യനികുതി | 50000 | - | -100 |
| ഡിആന്റ് ഒ ലൈസൻസ് ഫീസ് | 225000 | 173410 | -22.92 |
| വിനോദ നികുതി | ഇല്ല | | |
| പെർമിറ്റ് ഫീസ് | 120000 | 123572 | +2.97 |
| സേവന നികുതി | 175000 | 158545 | -9.4 |
| യൂസർചാർജ് | 50000 | 19000 | -62 |

ബജറ്റ് നിർദ്ദേശങ്ങളും യഥാർത്ഥ ഡിമാന്റും തമ്മിൽ ചിലയിനങ്ങളിൽ പ്രകടമായ വ്യത്യാസം ഉണ്ട്. എന്നാൽ ചിലയിനങ്ങൾ പൊരുത്തപ്പെട്ടു പോകുന്നു. പരസ്യനികുതിയിൽ 50000 രൂപ പ്രതീക്ഷിത വരുമാനം കണക്കാക്കിയെങ്കിലും ഒന്നുംതന്നെ വരവുണ്ടായില്ല. പ്രകടമായ വ്യത്യാസമുള്ളവയിൽ ബജറ്റ് തയ്യാറാക്കുന്ന അവസരത്തിൽ കൂടുതൽ ജാഗ്രത പുലർത്തേണ്ടതുണ്ട് എന്ന് കാണുന്നു.

## 3-7 ആശ്രയ പദ്ധതി വിലയിരുത്തൽ . പദ്ധതി കാര്യക്ഷമമല്ല

പഞ്ചായത്തിലെ ആശ്രയ പദ്ധതിയിലെ ആദ്യ പ്രോജക്ടിൽ 47 ഗുണഭോക്താക്കളും രണ്ടാമത് പ്രോജക്ടിൽ 55 ഗുണഭോക്താക്കളും ആണ് ഉൾപ്പെട്ടിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട് പഞ്ചായത്തിൽ നിന്നും ലഭ്യമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | ആദ്യപ്രോജക്ട് | രണ്ടാമത് പ്രോജക്ട് |
|---|---|---|
| ആകെ ഗുണഭോക്താക്കളുടെ എണ്ണം | 47 | 55 |
| വീടു വയ്ക്കാൻ സ്ഥലം ആവശ്യമുള്ളവർ | 14 | 2 |
| നാളിതുവരെ ലഭിച്ചവർ | 7 | 1 |
| വീട് ആവശ്യമുള്ളവർ | 25 | 17 |
| നാളിതുവരെ ലഭിച്ചവർ | 19 | 8 |
| വീട് റിപ്പയർ ആവശ്യമുള്ളവർ | 17 | 30 |
| നാളിതുവരെ ലഭിച്ചവർ | 8 | 5 |
| കക്കൂസ് ആവശ്യമുള്ളവർ | 30 | 3 |
| നാളിതുവരെ ലഭിച്ചവർ | 25 | 1 |
| കുടിവെള്ളം ആവശ്യമുള്ളവർ | 42 | 18 |
| നാളിതുവരെ ലഭിച്ചവർ | 3 | 6 |
| കറന്റ് ആവശ്യമുള്ളവർ | 32 | - |
| നാളിതുവരെ ലഭിച്ചവർ | 13 | - |

മേൽപട്ടിക പ്രകാരം ആദ്യഘട്ടത്തിൽ വളരെ കുറഞ്ഞ നേട്ടമേ ആശ്രയ പദ്ധതിയിൽ സൃഷ്ടിക്കാനായിട്ടുള്ളൂ. വീടു വയ്ക്കാൻ സ്ഥലം ആവശ്യമായ അപേക്ഷകരിൽ പകുതിയോളം പേർക്കേ സ്ഥലം ലഭ്യമാക്കാനായിട്ടുള്ളൂ. ആകെ ഇരുപത്തിഅഞ്ച് വീട് അപേക്ഷകരിൽ പത്തൊൻപത് പേർക്കാണ് വീട് നൽകാനായത്. രണ്ടാംഘട്ടത്തിൽ താരതമ്യേന മികച്ച അവസ്ഥ ചില ഇനങ്ങളിൽ കാണുന്നുണ്ട്. ജനറൽ, എസ്.സി., എന്നീ വിഭാഗങ്ങൾക്കായി മേൽ ആവശ്യങ്ങൾക്ക് വിഭാവനം ചെയ്യുന്ന പ്രോജക്ടുകളിലെ ആദ്യ ഗുണഭോക്താക്കളായാണ് ആശ്രയ ഗുണഭോക്താക്കൾ വരുന്നത്. ഈ സാഹചര്യത്തിലും ആശ്രയ വിഭാഗത്തിന്റെ ആവശ്യങ്ങൾ പൂർത്തീകരിക്കപ്പെടാതെ വരുന്നത് എന്തുകൊണ്ടാണ് എന്ന് ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധയിൽ കൊണ്ടുവരുന്നു.

## 3-8 തൊഴിലുറപ്പ് പദ്ധതി അവലോകനം

തൊഴിലുറപ്പ് പദ്ധതിയിൽ വളരെ കുറഞ്ഞ തൊഴിൽ ദിനങ്ങളെ ഉറപ്പുവരുത്താനായിട്ടുള്ളൂ. ആകെ 313897 തൊഴിൽ ദിനങ്ങൾ ആണ് ലക്ഷ്യമിട്ടത് എങ്കിലും കൈവരിക്കാനായത് കേവലം 23554 തൊഴിൽ ദിനങ്ങളാണ്. ആകെ 1448 കുടുംബങ്ങളാണ് തൊഴിലിനായി പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്. പക്ഷേ 124 കുടുംബങ്ങൾക്കു മാത്രമേ നൂറ് ദിവസങ്ങൾ തികച്ച് തൊഴിൽ നൽകാനായിട്ടുള്ളൂ. ആക്ഷൻ പ്ലാൻ പ്രകാരം ആകെ 478 പ്രവർത്തികളാണുണ്ടായിരുന്നത്. എന്നാൽ നടപ്പാക്കിയ പദ്ധതികളുടെ എണ്ണം കേവലം 65 എണ്ണമാണ്. പദ്ധതിയുടെ നടത്തിപ്പിലുണ്ടായ ഭീമമായ ഈ വ്യതിയാനം പദ്ധതിയുടെ അടിസ്ഥാന ലക്ഷ്യങ്ങളെപ്പോലും നഷ്ടപ്പെടുത്താവുന്ന തരത്തിലാണുള്ളത് എന്ന് വിലയിരുത്തുന്നു. ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിച്ചു കൊള്ളുന്നു.

## 3-9 നിർമ്മാണതൊഴിലാളി ക്ഷേമനിധി വിഹിതം അടവാക്കിയതിന്റെ രസീതി ലഭ്യമായിട്ടില്ല.

ഓഡിറ്റ് വർഷം നിർമ്മാണ തൊഴിലാളി ക്ഷേമനിധി ഇനത്തിൽ 134382 രൂപ വരവുണ്ട്. ഈ തുക നിർമ്മാണ തൊഴിലാളി ക്ഷേമനിധിയിലേക്ക് ഒടുക്കിയെങ്കിലും നാളിതുവരെയുള്ള രസീതി ലഭ്യമായിട്ടില്ല.

## 3-10 മരാമത്ത് പ്രവർത്തികളിലെ അപാകതകൾ

പഞ്ചായത്തിലെ വിവിധ മരാമത്ത് പ്രവർത്തികളിൽ കണ്ട അപാകതൾ ചുവടെ ചേർക്കുന്നു

(എ) എഗ്രിമെന്റിൽ തിയ്യതി ചേർത്തിട്ടില്ല.

പല ഫയലുകളിലും കരാറുകാരുമായി ഏർപ്പെടുന്ന എഗ്രിമന്റിൽ, എഗ്രിമെന്റ് തിയ്യതി ചേർക്കുന്നില്ല എന്ന് കാണുന്നു.

ഉദാ.1.എഗ്രിമെന്റ് നമ്പർ. 12/15-16/AE/LSGD/AVY - ദ്വാരക റോഡ് നിർമ്മാണം

2.എഗ്രിമെന്റ് നമ്പർ. 14/15-16/AE/LSGD/AVY - വൃദ്ധസദനം റോഡ്

പല പ്രവർത്തികളിലും സെലക്ഷൻ നോട്ടീസ് തിയ്യതി കഴിഞ്ഞാണ് എഗ്രിമെന്റ് ഒപ്പിട്ടിട്ടുള്ളത്. ഇത്തരം കേസുകളിൽ നിയമാനുസൃത പിഴ ഈടാക്കുകയോ, സമയബന്ധിതമായി എഗ്രിമെന്റ് ഒപ്പിടുകയോ ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| സെലക്ഷൻ നോട്ടീസ് തിയ്യതി | നോട്ടീസ് കൈപ്പറ്റിയ തിയ്യതി | എഗ്രിമെന്റ് ഒപ്പു വെച്ച തിയ്യതി | കൈപ്പറ്റ് തിയ്യതിമുതൽ എഗ്രിമെന്റ് ഒപ്പു വെക്കാനായി അനുവദനീയ ദിവസം | എഗ്രിമെന്റ് നമ്പർ/ പ്രവർത്തിയുടെ പേര് |
|---|---|---|---|---|
| 28-07-2015 | 01-08-2015 | 26-08-2015 | 14 | 17/15-16 |
| 29-07-2015 | 30-07-15 | 26-08-15 | 14 | സെന്റ് മേരീസ് റോഡ് റീടാറിംഗ് |
| 29-07-2015 | 30-07-15 | 26-08-15 | 14 | ഇന്ദിര നഗർ റോഡ് കോൺക്രീറ്റിംഗ് |

(ബി) ഒരേ നിരക്കിൽ ടെൻഡർ സ്വീകരിച്ചു. എന്നാൽ നെഗോഷിയേഷന് ഒരു കക്ഷിക്കുമാത്രം നോട്ടീസ് നൽകി.

എഗ്രിമെന്റ് തിയ്യതി. 34/15-16 തിയ്യതി 26-08-2015

ഇന്ദിര നഗർ റോഡ് ടൈൽ വിരിക്കൽ എന്ന ഈ പ്രവർത്തിയിൽ ശ്രീ. സി.എഫ് ബാബു, ശ്രീ കെ.വി.പൗലോസ് എന്നീ രണ്ടു കരാറുകാർ എസ്റ്റിമേറ്റ് നിരക്കിൽ നിന്നും മൂന്ന് ശതമാനം താഴ്ന്ന ടെൻഡർ സമർപ്പിച്ചു. ടെൻഡർ തിയ്യതി 21-07-2015. എന്നാൽ ശ്രീ.കെ.വി.പൗലോസിനു മാത്രമേ നെഗോഷിയേഷന് നോട്ടീസ് അയച്ചതായി കാണുന്നുള്ളൂ. ആയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.
(സി) നിശ്ചിത സമയത്തിനുള്ളിൽ പൂർത്തിയാക്കാത്ത പ്രവർത്തികളിൽ നിയമാനുസൃതം പിഴ ഈടാക്കുന്നില്ല.
പ്രവൃത്തി - ദീപം നഗർ കമ്മ്യൂണിറ്റി ഹാൾ ആറ്റകുറ്റപ്പണി.
എഗ്രിമെന്റ് നമ്പർ. 13/AE/LSGD തിയതി 25.11.2014

ഈ പ്രവർത്തിയുടെ കാലാവധി ആറുമാസമാണ്. പക്ഷേ പ്രവൃത്തി പൂർത്തീകരിച്ചത് 25-02-2016ൽ മാത്രമാണ്. ഇത്തരത്തിൽ എഗ്രിമെന്റ് കാലാവധിക്കുശേഷവും പ്രവൃത്തി നീണ്ടു പോകാനിടയായതിന് സപ്ലിമെന്ററി എഗ്രിമെന്റ് വെക്കുകയോ, പിഴ ഈടാക്കുകയോ ചെയ്തിട്ടില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് ഭാവിയിൽ ഇത്തരം അപാകതകൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കുന്നതാണ് എന്ന്

അസി.എഞ്ചിനീയർ മറുപടി നൽകിയിട്ടുണ്ട്. അതനുസരിച്ച് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 328047 | വനിത വ്യവസായ കേന്ദ്രത്തിൽ തൊഴിൽ നൽകൽ | 328047 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 87335 | മാനസിക ശാരീരിക വൈകല്യമുള്ളവർക്ക് സ്കോളർഷിപ്പ് | 87335 | 0 |
| | 713850 | വനിത വ്യവസായ കേന്ദ്രത്തിൽ തൊഴിൽ സംരംഭം | 713850 | 0 |
| | 100000 | തോട്ടപ്പായ റോഡ് നിർമ്മാണം | 100000 | 0 |
| | 100000 | കീഴ് തൃക്കോവ് റോഡ് മെറ്റലിംഗ്&ടാറിംഗ് | 100000 | 0 |

### 4-2 നിക്ഷേപ പ്രവർത്തിക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ ചെക്ക് നം. | തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| ഇലക്ട്രിക്കൽ സബ് ഡിവിഷൻ (തൃശ്ശൂർ,ഇരിഞ്ഞാലക്കുട) | സമ്പൂർണ്ണ തെരുവുവിളക്ക് | ലഭ്യമല്ല | 664255 | - | - | 664255 |
| വാട്ടർ അതോറിറ്റി | ചെറുവത്തേരി പൊതുടാപ്പ് സ്ഥാപിക്കൽ | | 22672 | 22672 | - | 0 |
| കെ.എസ്.ഇ.ബി | വനിതാ വ്യവസായകേന്ദ്രം കറന്റ് കണക്ഷന് | | 26948 | 26948 | - | 0 |
| കെ.എസ്.ഇ.ബി | ഇലക്ട്രിക് പോസ്റ്റ് മാറ്റിസ്ഥാപിക്കൽ | | 18000 | 18000 | - | 0 |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കാൻ അവശേഷിക്കുന്നത്

-ഇല്ല-

### 4-4 വായ്പ/ വിനിയോഗം/ വീഴ്ച്ചകൾ എന്നിവയുടെ വിവരം

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 250 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 250 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 250 |

2015-16 വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നം. |
|---|---|---|
| അവിണിശ്ശേരി സർവ്വീസ് സഹകരണ ബാങ്ക് | 250 | 22/30.3.2012 |

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ 40773 രൂപ ഷോപ്പിംഗ് കോംപ്ലക്സ് വാടക ഇനത്തിൽ ഈടാക്കിയിട്ടുണ്ട്.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994ലെകേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവ സംബന്ധിച്ച് പഞ്ചായത്തിൽ നിന്നും ലഭ്യമായ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | 6 | 2003-04 | 03/08/11 | പാലക്കൽ കുടിവെള്ള പദ്ധതി പ്രവർത്തി മൂല്യത്തേക്കാൾ 11946 രൂപ കൂടുതലായി നൽകി | - |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

<u>(എ) സംക്ഷിപ്ത വിവരം</u>

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 31173037 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 40414691 |
| വരവിനങ്ങളിലുള്ള നഷ്ടം | 5000 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 9810 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 430054 |

<u>ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| | | | |

| | | | |
|---|---|---|---|
| 2-3 | 5000 | | കെ.വി.വൽസലകുമാരി,<br>സെക്രട്ടറി<br>എസ്. സൂര്യകുമാരി,<br>അസി.സെക്രട്ടറി<br>(2500 വീതം) |
| 3-1 | | 9810 | എസ്. സൂര്യകുമാരി<br>അസി.സെക്രട്ടറി |
| ആകെ | 5000 | 9810 | |

(സി)ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 10000 | കെ.വി<br>വൽസലകുമാരി<br>സെക്രട്ടറി |
| 3-3 | 420054 | എസ്.സൂര്യകുമാരി<br>അസി.സെക്രട്ടറി |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

-ഇല്ല-

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

-ഇല്ല-

(എഫ്)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| കെ.വി<br>വൽസലകുമാരി<br>സെക്രട്ടറി | വിരമിച്ചു | ഉള്ളൂക്കാരൻ<br>പറമ്പിൽ വീട്<br>പുല്ലൂറ്റ്<br>പി.ഒ കൊടുങ്ങല്ലൂർ |
| എസ്.സൂര്യകുമാരി<br>അസി.സെക്രട്ടറി | അസി.സെക്രട്ടറി,<br>അവിണിശ്ശേരി ഗ്രാമപഞ്ചായത്ത് | കൃഷ്ണകൃപ വീട്,<br>പനോക്കൽ റോഡ്<br>കണിമംഗലം<br>തൃശ്ശൂർ |

## 4-9 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 78-79 | എൽ.എഫ്.ടി.10-1926/82/07/7.6.83 | |
| 79-80 | എൽ.എഫ്.ടി.10-1929/83/16.3.84 | |
| 80-81 | എൽ.എഫ്.ടി.10-1623/84/6.11.85 | |
| 81-82 | എൽ.എഫ്.ടി.10-427/86/27.8.87 | |
| 82-83 | എൽ.എഫ്.ടി.10-1360/87/1.2.88 | |
| 83-84 | എൽ.എഫ്.ടി.10-1541/88/4.3.89 | |
| 85-86 | എൽ.എഫ്.ടി.7-722/90/16.10.90 | |
| 86-87,87-88 | എൽ.എഫ്.ടി.17-1050/91/16.8.91 | |
| 88-89,89-90 | എൽ.എഫ്.ടി.17-1550/92/15.1.93 | |
| 90-91 | എൽ.എഫ്.ടി.8-1176/94/22.2.95 | |
| 92-93,93-94 | എൽ.എഫ്.ടി.8-194/95/16.12.95 | |

| | | |
|---|---|---|
| 94-95,95-96 | എൽ.എഫ്.ടി.8-172/97/19.6.97 | |
| 96-97 | എൽ.എഫ്.ടി.8-1478/98/15.7.98 | |
| 97-98 | എൽ.എഫ്.ടി.8-1534/98/15.7.99 | |
| 98-99 | എൽ.എഫ്.ടി.8-1711/2000/1.3.01 | |
| 99-00 | എൽ.എഫ്.ടി.8-966/01/5.11.01 | |
| 00-01 | എൽ.എഫ്.ടി.15-725/05/2.1.06 | |
| 01-02 | എൽ.എഫ്.ടി.15-1130/05/18.2.06 | |
| 02-03 | എൽ.എഫ്.ടി.പി.2-519/12/2.3.12 | |
| 03-04 | | |
| 04-05 | | |
| 05-06 | | |
| 06-07 | | |
| 07-08 | എൽ.എഫ്.ടി.പി.9-922/21.1.11/5.1.12 | |
| 08-09 | | |
| 09-10,10-11 | എൽ.എഫ്.ടി.പി.2-1871/12-3.10.12 | |
| 11-12 | എൽ.എഫ്.ടി.പി260/2013/17.4.13 / 12.8.13 | |
| 12-13 | എൽ.എഫ്.ടി.പി.2-2168/13-7.5.14/ 16.7.14 | |
| 13-14 | എൽ.എഫ്.ടി.പി.2-284/2015-11.5.15/ 24.7.15 | |
| 14-15 | കെ.എസ്.എ.ടി.എസ്.ആർ(പി2)683/16–13.05.2016/15.06.2016 | |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

## അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.ടി.എസ്.ആർ(പി2 )1984/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

PIN 680 020

തിയ്യതി: 14.11.2016

Ph.No. 0487-2331249

e-mail : dotsr.ksad@kerala.gov.in

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് , 1994- ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ അവിണിശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക സ്റ്റേറ്റുമെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ അവിണിശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2015-16 വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ.

No.KSA-TSR(P2)1984/16

Kerala State Audit Department,

District Audit Office, Thrissur

PIN 680 020
Dated: 14.11.2016

Ph.No. 0487-2331249

e-mail : dotsr.ksad@kerala.gov.in

**AUDIT CERTIFICATE**

Certified that I have audited the Annual Financial Statement of Avinissery Grama panchayath in Thrissur District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the Rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Avinissery Grama Panchcyath for the year 2015-16, except the observations in my Audit Report properly presents the picture of income and expenditure.

Deputy Director

District Audit Office
Thrissur